**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6169** **17-03-2023 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി കയറ്റുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തിൽ ഇന്ത്യയിൽ നിന്നും അറുപതിൽപ്പരം രാജ്യങ്ങളിലേക്ക് കശുവണ്ടി കയറ്റുമതി ചെയ്തതിൽ കേരളത്തിന്റെ വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | (എ) | 2022-23 വർഷത്തിൽ ഇന്ത്യയിൽ നിന്നും അറുപതിൽപ്പരം രാജ്യങ്ങളിലേയ്ക്ക് കശുവണ്ടി കയറ്റുമതി ചെയ്തതിൽ കേരളത്തിന്റെ വിഹിതം 90 ശതമാനമാണ്. |
| (ബി) | 2021-2022 കാലയളവിൽ സംസ്ഥാനത്ത് നിന്നും കശുവണ്ടി കയറ്റുമതി ചെയ്തത് എത്ര ശതമാനമായിരുന്നുവെന്ന് വിശദമാക്കാമോ; | (ബി) | 2021-22 കാലയളവിൽ സംസ്ഥാനത്ത് നിന്നും കശുവണ്ടി കയറ്റുമതി ചെയ്തത് 90 ശതമാനമാണ്. |
| (സി) | 2021-22-ൽ കശുവണ്ടി തോട് എണ്ണ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്തതിന് ആനുപാതികമായി കേരളത്തിൽ നിന്നും കയറ്റുമതി ഇല്ലാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | കശുവണ്ടി എണ്ണ തോട്ടണ്ടിയിൽ നിന്നും വേർതിരിക്കുന്ന ഉപകരണം (എക്സ്പെല്ലർ) സംസ്ഥാനത്തെ പരമ്പരാഗത കശുവണ്ടി സംസ്കരണ ശാലകളിൽ ഉണ്ടായിരുന്നു എങ്കിലും പ്രസ്തുത ഉപകരണങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ